ജന്മഭൂമി

24-01-2018

# കടലിൽ നിന്ന് കൂടുതൽ പ്രകൃതിദത്ത ഉത്പന്നങ്ങൾ ഉടൻ: സിഎംഎഫ്ആർഐ

**കൊച്ചി:** കടൽ ജീവികളിൽ നിന്നും കൂടുതൽ പ്രകൃതിദത്ത ഉത്പന്നങ്ങൾ ഉടൻ പുറത്തിറക്കുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ. സിഎംഎഫ്ആർഐ വിന്റർ സ്‌കൂളിന്റെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കടൽ ബാക്റ്റീരിയകളിൽ നിന്നുമുള്ള ആന്റി മൈക്രോബിയൽ ഉത്പന്നം, കടൽപ്പായലിൽ നിന്നുമുള്ള ന്യൂട്രാസ്യൂട്ടിക്കൽ ഉത്പന്നങ്ങൾ എന്നിവ നിർമാണ ഘട്ടത്തിന്റെ അവസാനദശയിലാണ്. കടൽ ജീവികളിൽ നിന്ന് നിർമ്മിച്ച വിവിധ സൗന്ദര്യവർധക ഉത്പന്നങ്ങളും സിഎംഎഫ്ആർഐ ഉടൻ പുറത്തിറക്കും.

ആരോഗ്യ-മരുന്നുത്പാദന രംഗത്ത് ഏറെ സാധ്യതകളുണ്ടെന്ന് തെളയിക്കപ്പെട്ട കടൽജീവികളിലടങ്ങിയ ബയോആക്ടീവ് സംയുക്തങ്ങൾ വേർതിരിക്കുന്നതുമായി ബന്ധപ്പെട്ടാണ് വിന്റർ സ്‌കൂളിൽ പരിശീലനം. രാജ്യത്തെ വിവിധ ഗവേഷണ സ്ഥാപനങ്ങളിലെയും സർവകലാശാലകളിലെയും 25 ഗവേഷകരാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്. സിഎംഎഫ്ആർഐയിലെ മറൈൻ ബയോടെക്‌നോളജി വിഭാഗം നടത്തുന്ന വിന്റർ സ്‌കൂൾ 21 ദിവസം നീണ്ടുനിൽക്കും.

കേന്ദ്ര ബയോടെക്‌നോളജി വകുപ്പ് മുൻ സെക്രട്ടറി ഡോ. മഞ്ജു ശർമ്മ ഉദ്ഘാടനം ചെയ്തു. മറൈൻ ബയോടെക്‌നോളജി വിഭാഗം മേധാവി ഡോ. പി. വിജയഗോപാൽ, സീനിയർ സയന്റിസ്റ്റ് ഡോ. കാജൽ ചക്രവർത്തി എന്നിവർ സംസാരിച്ചു.



സിഎംഎഫ്ആർഐ സംഘടിപ്പിക്കുന്ന വിന്റർ സ്‌കൂളിന്റെ ഉദ്ഘാടനം കേന്ദ്ര ബയോടെക്‌നോളജി വകുപ്പ് മുൻ സെക്രട്ടറി ഡോ. മഞ്ജു ശർമ്മ നിർവഹിക്കുന്നു